**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 415** **04-07-2024 - ൽ മറുപടിയ്ക്ക്**

**എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിന് ശേഷവും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് ലഭിച്ച നിരവധി വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്നുള്ള പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിന് ശേഷവും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് ലഭിച്ച നിരവധി വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്നുള്ള പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ട്. മികച്ച വിജയം ലഭിച്ച കുട്ടികൾക്ക് തുടർപഠനം ഉറപ്പാക്കുക എന്നത് സർക്കാരിന്റെ നയമാണ്. സംസ്ഥാനത്തൊട്ടാകെ ആകെ 222 വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം ലഭിക്കാതെ ശേഷിക്കുന്നത്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത് അനുസരിച്ചാണ് ഈ വർഷത്തെ പ്രവേശനം ആരംഭിച്ചത്. |
| (സി) | സപ്ലിമെന്ററി അലോട്ട്മെന്റ് ബാക്കി നിൽക്കെ പ്ലസ് വൺ പഠനത്തിന് അർഹത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുവാൻ മലപ്പുറത്ത് താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നതിനും ഇതിനെ കുറിച്ച് പഠിക്കുവാൻ ഹയർ സെക്കണ്ടറി വിഭാഗം ജോയിൻറ് ഡയറക്ടർ (അക്കാഡമിക്)ഉം, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറും അടങ്ങിയ 2 അംഗ സമിതിയെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സമിതിയോട് 2024 ജൂലൈ 5 നകം റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ